POLICE DEPARTMENT

KERALA

**No. E2A-50280/2013/R**

ജില്ലാ പോലീസ് ഓഫീസ്,

തൃശ്ശൂർ റൂറൽ

തീയതി. 18-08-2014

**ലേലപരസ്യം**

തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും തൃശ്ശൂർ ജില്ലാ സായുധ സേന ഡെപ്യൂട്ടി കമാണ്ടന്റിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതും പോലീസ് ഡിപ്പാർട്ട്മെന്റിന് ഉപയോഗ്യമല്ലാത്തതുമായ താഴെ പറയുന്ന വാഹനങ്ങൾ 3/9/2014 തിയ്യതി പകൽ 11 മണിക്ക് പ്രസ്തുത കാര്യാലയത്തിൽ വെച്ച് പരസ്യമായി ലേലം/ടെണ്ടർ വഴി വില്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | മോഡൽ | ഇനം | നിരതദ്രവ്യം |
|---|---|---|---|---|
| 1 | K L 01 X 9117 | 2002 | ജീപ്പ് | 10000/- |
| 2 | K L 01 AA 4768 | 2003 | ജീപ്പ് | 10000/- |
| 3 | K L 01 AA 4608 | 2003 | ജീപ്പ് | 8500/- |
| 4 | K L 01 X 9118 | 2002 | ജീപ്പ് | 8500/- |
| 5 | K L 01 X 9122 | 2002 | ജീപ്പ് | 9000/- |
| 6 | K L 01 X 9484 | 2002 | ജീപ്പ് | 7000/- |
| 7 | K L 01 X 9121 | 2002 | ജീപ്പ് | 9000/- |
| 8 | K L 01 AA 4607 | 2003 | ജീപ്പ് | 10000/- |
| 9 | K L 01 AH 2482 | 2005 | ബജാജ് സി.ടി. 100 | 600/- |
| 10 | K L 01 AH 5417 | 2005 | ബജാജ് സി.ടി. 100 | 600/- |
| 11 | K L 01 K 7932 | 1997 | എയ്ച്ചർ ബസ് | 11500/- |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ കൃത്യ സമയത്ത് ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുമ്പ് മേൽ പറഞ്ഞ വാഹനത്തിനു നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ് . ലേലം കഴിഞ്ഞാലുടൻ ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

ടി വാഹനങ്ങൾ വാങ്ങാൻ ദർഘാസുകൾ ഉദ്ദേശിക്കുന്നവർ മുൻകൂട്ടി സീൽ ചെയ്ത കവറിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ 1/9/2014 തിയ്യതി വൈകുന്നേരം 4 മണിക്ക് മുന്പായി തൃശ്ശൂർ റൂറൽ ജില്ലാപോലീസ് മേധാവിയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കേണ്ടതാണ്. ദർഘാസിനൊപ്പം ഓരോ വാഹനത്തിനും നിരതദ്രവ്യമായി മേൽ പറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തൃശ്ശൂർ റൂറൽ ജില്ലാപോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്.ദർഘാസുകൾ അടക്കം ചെയ്ത കവറിനു മുകളിൽ " വാഹന ലേലത്തിനുള്ള ടെണ്ടർ " എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഓരോ വാഹനത്തിനുമുള്ള ദർഘാസുകൾ പ്രത്യേക കവറുകളിൽ അയക്കേണ്ടതാണ്.

ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം/ടെണ്ടർ സംഖ്യയുടെ പകുതി തുക ( നിരതദ്രവ്യം കഴിച്ച്) ലേലം കൊണ്ടയാൾ ലേല സ്ഥലത്ത് വെച്ചുതന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം / ടെണ്ടർ സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി തുകയും നിയമാനുസൃതമുള്ള വില്പന നികുതിയും 14.5% VAT അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ വാഹനം നീക്കം ചെയ്യേണ്ടതാണ്.

ലേലം കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതും വാഹനം പുനർലേലം നടത്തുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിനു ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയാകുന്നതും നഷ്ടപ്പെട്ട സംഖ്യ ടിയാനിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതുമാണ്. പുനർ ലേലത്തിൽ കൂടുതൽ സംഖ്യ ലഭിച്ചാൽ ടിയാൻ ആയതിനു അവകാശി ആയിരിക്കുന്നതല്ല. ലേല വസ്തുക്കൾ (വാഹനം ) ലേലത്തിന് മുൻപുള്ള പത്ത് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണി വരെയുള്ള പ്രവൃത്തി സമയങ്ങളിൽ തൃശ്ശൂർ ജില്ലാ സായുധ സേന ക്യാമ്പിൽ ഡെപ്യൂട്ടി കമാണ്ടന്റിന്റെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റി വയ്ക്കുന്നതിനോ ലേലം/ദർഘാസ് വില്പന അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

ജില്ലാ പോലീസ് മേധാവി

പകർപ്പ് : തൃശ്ശൂർ റൂറലിലെ എല്ലാ പോലീസ് ഓഫീസർമാർക്കും പ്രചാരണത്തിന്. എല്ലാ പോലീസ് മേധാവികൾക്കും/കമ്മീഷണർമാർക്കും/കമാണ്ടന്റുമാർക്കും. സംസ്ഥാന പോലീസ് മേധാവി, കേരളം(ഉപരിപത്രസഹിതം), പോലീസ് ഇൻസ്പെക്ടർ ജനറൽ, എസ്.സി. ആർ.ബി. തിരുവനന്തപുരം (ഉപരിപത്രസഹിതം). സൂപ്രണ്ട്, ഗവണ്മെൻറ് പ്രസ്സ്, തിരുവനന്തപുരം (ഉപരിപത്രസഹിതം). ഡയറക്ടർ പബ്ലിക് റിലേഷൻസ് വകുപ്പ് (ഉപരിപത്രസഹിതം). എല്ലാ സോണൽ അസി.പോലീസ് ഡയറക്ടർമാർക്കും പോലീസ് ഇൻസ്പെക്ടർ ജനറൽ, എ പി. ബറ്റാലിയൻ, റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറല്മാർക്കും അറിവിലേക്കായി.